"ഭരണഭാഷ – മാതൃഭാഷ"
(കേരളസംസ്ഥാനം)
വ്യാവസായിക പരിശീലനവകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ
പി എം ജി, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695033
ഇ മെയിൽ :cru.dttvpm@kerala.gov.in ഫോൺ :0471-2303856

**DT/322/2026-C2(1)**

**തീയതി: 15-05-2026**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - സംസ്ഥാനത്തെ എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD ഐടിഐകളിലെ ഇൻസ്ട്രക്ടർമാരുടെ വിവരങ്ങൾ NIMS ഉൾപ്പെടുത്തുന്നത് - DGT അറിയിച്ചിട്ടുള്ള നിർദേശങ്ങൾ 30/06/2026 തീയതിക്ക് മുൻപായി പൂർത്തിയാക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. 16/01/2026 തീയതിയിലെ DGT യിൽ നിന്നുള്ള കത്ത്.
2. 30/01/2026 തീയതിയിലെ DT/322/2026-C2 (2) നമ്പരായ ഈ കാര്യാലയത്തിൽ നിന്നുള്ള കത്ത്.
3. 10/03/2026 തീയതിയിലെ DT/1206/2026-A2 നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.
4. 18/03/2026, 25/03/2026, 01/04/2026, 20/04/2026, തീയതികളിലെ DT/322/2026-C2 നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.
5. 02/04/2026 തീയതിയിലെ മുഖ്യകാര്യാലയത്തിൽ നിന്നുള്ള മെയിൽ സന്ദേശം.
6. 02/05/2026 തീയതികളിലെ DT/322/2026-C2(1) നമ്പരായ അഡീഷണൽ ഡയറക്ടറുടെ ചുറ്ററിയിപ്പ്.

*********

സൂചനകൾ കണ്ടാലും. 2026 പരിശീലന വർഷം മുതൽ ഇന്ത്യയിലെ സർക്കാർ/സ്വകാര്യ ഐടിഐകളിലെ ഇൻസ്ട്രക്ടർമാരുടെ ലഭ്യതകുറവ് പരിഹരിക്കുന്നതിനും, ഇരട്ടിപ്പുകൾ ഒഴിവാക്കുന്നതിനും, ഇൻസ്ട്രക്ടർമാരുടെ പരിശോധിച്ച് ഉറപ്പിച്ച ഒരു ദേശീയ ഡാറ്റ ബേസ് തയ്യാറാക്കുന്നതിനുമായി SIDH പ്ലാറ്റ്ഫോമിൽ നാഷണൽ ഇൻസ്ട്രക്ടർ മാനേജ്മെന്റ് സിസ്റ്റം (NIMS) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിർദേശങ്ങൾ അറിയിപ്പുകളിലൂടെ DGT യിൽ നിന്നും നൽകിയിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ സൂചന 3 ചുറ്ററിയിപ്പ് പ്രകാരം എല്ലാ സർക്കാർ ഐ ടി ഐ സ്ഥാപന മേധാവിമാർക്കും, സൂചന 2 കത്തിലൂടെ എല്ലാ സ്വകാര്യ/SCDD/STDD സ്ഥാപന മേധാവിമാർക്കും പ്രസ്തുത DGT നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള അറിയിപ്പുകൾ നൽകിയിരുന്നു. കൂടാതെ NIMS നടപ്പിലാക്കുന്നത് സംബന്ധിച്ച് വിവിധ സംസ്ഥാന/കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നും പൊതുവായി ഉയർന്നു വന്ന ചോദ്യങ്ങൾ./സംശയങ്ങൾ എന്നിവയിൽ വ്യക്തത വരുത്തി കൊണ്ടുള്ള DGT നിർദേശങ്ങൾ (സൂചന 4,5,6) പ്രകാരം എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD സ്ഥാപനങ്ങൾക്കും നൽകിയിരുന്നു.

DGT യിൽ നിന്നും NIMS പോർട്ടൽ ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ പുരോഗതി വിലയിരുത്തിയതിനെ തുടർന്ന്, നിലവിൽ കേരളത്തിൽ ആകെ ഇൻ സ്ട്രക്ടർ മാരിൽ 32 ശതമാനം രജിസ്ട്രേഷൻ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതതെന്നും ഇൻസ്ട്രക്ടർമാരുടെ രജിസ്ട്രേഷൻ NIMS പോർട്ടലിൽ പൂർത്തിയാക്കി, ബന്ധപ്പെട്ട യൂണിറ്റുകളിലേക്ക് ഇൻസ്ട്രക്ടർമാരെ മാപ്പ് ചെയ്യതിന് ശേഷമേ സീറ്റ് മെട്രിക്സ് തയ്യാറാക്കുവാൻ സാധിക്കൂ എന്നും, അത്തരത്തിൽ അംഗീകൃതമായ ട്രേഡുകളിലും, യൂണിറ്റുകളിലും മാത്രമേ 2026 പരിശീലന വർഷത്തേക്കുള്ള അഡ്മിഷൻ അനുവദിക്കുകയുള്ളൂ എന്നും DGT വിവിധ സംസ്ഥാനങ്ങളുമായി നടത്തിയ യോഗത്തിൽ അറിയിച്ചിട്ടുണ്ട്.

ഈസാഹചര്യം കണക്കിലെടുത്ത് എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD സ്ഥാപനമേധാവിമാരും NIMS രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിക്കേണ്ടതും,അപ്ഡേറ്റ് ചെയ്യാത്ത എല്ലാ ഇൻസ്ട്രക്ടർമാരുടെയും വിവരങ്ങൾ 30/06/2026 തീയതിക്ക് മുൻപായി തന്നെ പോർട്ടലിൽ ചേർക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന വിവരം അറിയിക്കുന്നു.

Digitally signed by
Vasudevan P
Date: 15-05-2026
12:50:06

അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ്: എല്ലാ ഗവണ്മെന്റ് ഐടിഐ/ബിറ്റിസി/എവിറ്റിഎസ് പ്രിൻസിപ്പാൾമാർക്കും.

എല്ലാ എസ് ടി ഡി ഡി/ എസ് സി ഡി ഡി ഐടിഐ പ്രിൻസിപ്പാൾമാർക്കും

എല്ലാ പ്രൈവറ്റ് ഐടിഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്: മാനേജർ, ഇ-ഗവേർണൻസ് (ഐടിഐകൾക്ക് ആവശ്യമായ സാങ്കേതിക സഹായത്തിനും വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനും).